"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.384/2025/DMD തീയതി,തിരുവനന്തപുരം, 09-06-2025

പരാമർശം:-
1. സ.ഉ(സാധാ)നം.224/2025/ഡി.എം.ഡി തീയതി 07.04.2025.
2. സ.ഉ(സാധാ)നം.249/2025/ഡി.എം.ഡി തീയതി 19.04.2025.
3. വയനാട് ജില്ലാകളക്ടറുടെ 29.05.2025-ലെ DCWYD/1637/2025-DM3 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് (adults) വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന ധനഹായവും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/-രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായവും, 9 മാസക്കാലത്തേയ്ക്കു കൂടി തുടർന്നും അനുവദിക്കുന്നതിന് അനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം 2 കോടി രൂപ വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

ചൂരൽമല മുണ്ടക്കൈ ദുരന്ത ബാധിതർക്ക്, ജീവനോപാധി നഷ്ടപ്പെട്ടതായി സത്യവാങ്മൂലം നൽകിയ അപേക്ഷകളിൽ നിന്നും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയ, നോഗോസോണിൽ ഉൾപ്പെടുന്ന അർഹതയുള്ള 890 ഗുണഭോക്താക്കൾക്ക് 9 മാസം വരെ 9000 രൂപ വീതം (രണ്ട് ഗഡുവായി) ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അഫിഡവിറ്റ് സമർപ്പിച്ച മറ്റ് അപേക്ഷകളും പരിശോധിച്ചുവരികയാണെന്നും, അർഹതയുള്ളവരെ തിരിച്ചറിഞ്ഞ് അവർക്കും തുടർന്നുള്ള ഗഡു ധനസഹായം അനുവദിക്കേണ്ടതുണ്ടെന്നും ആയതിലേയ്ക്കായി 8 കോടി രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം വയനാട് ജില്ലാകളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസാഹയം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01-Flood and other Item ശീർഷകത്തിൽ നിന്ന് 8 കോടി (എട്ടു കോടി രൂപ) വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്.

സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 09-06-2025 17:32:52**
സെക്ഷൻ ഓഫീസർ